പത്രക്കുറിപ്പ്

# വീട്ടമ്മയേയും ബന്ധുവിനേയും ആക്രമിച്ച കേസ്സിൽ ഒരാൾ പിടിയിൽ

# യുവാവിനെ ആക്രമിച്ച കേസ്സിൽ രണ്ട് വർഷമായി ഒളിവിലായിരുന്ന പ്രതികൾ പിടിയിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 431 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- വിഴിഞ്ഞം നെല്ലിവിളയിൽ വീട്ടമ്മയേയും ബന്ധുവിനേയും ആക്രമിച്ച രണ്ടംഗസംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ പുല്ലാന്നിമുക്ക് ഉഴുന്നുവിള കിഴക്കരിക് വീട്ടിൽ ശംഭു എന്ന് വിളിക്കുന്ന ഷൈജു (32)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

ശനിയാഴ്ച വൈകിട്ട് 3 മണിയ്ക്കാണ് സംഭവം നടന്നത്. വെങ്ങാനൂർ നെല്ലിവിള അമരിവിളയിൽ, ഭർത്താവ് വിദേശത്തായ വീട്ടമ്മയും മകനും മാത്രം താമസിക്കുന്ന വാടകവീട്ടിലാണ് അയൽവാസിയും നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയുമായ രഞ്ജുവും ഇപ്പോൾ പിടിയിലായ പ്രതി ഷൈജുവും ചേർന്ന് അതിക്രമിച്ച് കയറി ആക്രമണം നടത്തിയത്. രഞ്ജു വീട്ടമ്മയെ കടന്നുപിടിച്ച് തറയിൽ തള്ളിയിട്ട് മാനഭംഗപ്പെടുത്താൻ ശ്രമിച്ച സമയം,



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ഷൈജു (32)

സംഭവം അറിഞ്ഞ് അവിടെ എത്തി തടയാൻ ശ്രമിച്ച വീട്ടമ്മയുടെ ബന്ധു സാബുവിനെ ഷൈജു വെട്ടുകത്തി കൊണ്ട് വെട്ടിപ്പരിക്കേൽപ്പിക്കുയും ചെയ്തു. നിലവിളി കേട്ട് നാട്ടുകാർ എത്തിയപ്പോൾ പ്രതികൾ കടന്നുകളയുകയായിരുന്നു. മുമ്പ് പല പ്രാവശ്യവും രഞ്ജു വീട്ടമ്മയ്ക്ക് നേരെ ലൈംഗികാതിക്രമത്തിന് ശ്രമിച്ചിട്ടുണ്ട്. ഈ വിവരം ഭർത്താവിനെ അറിയിക്കുകയും ഭർത്താവിന്റെ നിർദ്ദേശപ്രകാരം വാർഡ് മെമ്പർ ഇടപെട്ട് ഇയാളെ പറഞ്ഞു വിലക്കിയതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ-മാരായ സമ്പത്ത്, വിനോദ്, സുരേഷ് കുമാർ, സി.പി.ഒ സജൻ എന്നിവരങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. ഒളിവിൽ കഴിയുന്ന ഒന്നാം പ്രതി രഞ്ജുവിനെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## യുവാവിനെ ആക്രമിച്ച കേസ്സിൽ രണ്ട് വർഷമായി ഒളിവിലായിരുന്ന പ്രതികൾ പിടിയിൽ

തിരുവനന്തപുരം:- തിരുവല്ലത്ത് യുവാവിനെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച ശേഷം രണ്ട് വർഷമായി ഒളിവിൽ കഴിഞ്ഞു വന്ന പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പാച്ചല്ലൂർ നെടുമം മംഗലശ്ശേരി വീട്ടിൽ വിനു (24), നെടുമം പമ്മത്തിൽ വീട്ടിൽ വിഷ്ണു (24) എന്നിവരെയാണ് തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്തത്.



തിരുവല്ലം പോലീസ് അറസ്റ്റ് ചെയ്ത
വിനു (24), വിഷ്ണു (24)

2019-ലാണ് യുവാവിന് നേരെ ആക്രമണം നടന്നത്. തിരുവല്ലം തുപ്പനത്തുകാവിന് സമീപം നിൽക്കുകയായിരുന്ന വാഴമുട്ടം സ്വദേശി ആദർശിനെ ബൈക്കിൽ വന്ന പ്രതികൾ ക്രിക്കറ്റ് സ്റ്റമ്പ് കൊണ്ട് തലയ്ക്കും മൂക്കിനും അടിച്ച് മാരകമായി പരിക്കേൽപ്പിച്ചശേഷം ഒളിവിൽ പോവുകയായിരുന്നു. ആക്രമണത്തിൽ ആദർശിന്റെ തലയ്ക്കും മൂക്കിനും പൊട്ടൽ സംഭവിക്കുകയും ചെയ്തിരുന്നു. ക്രിക്കറ്റ് മാച്ചിനിടെ ഉണ്ടായ തർക്കമാണ് ആക്രമണത്തിന് കാരണം. ഫോർട്ട് അസ്സി. കമ്മീഷണർ ഷാജിയുടെ നിർദ്ദേശാനുസരണം കഴിഞ്ഞകാലങ്ങളിലെ ക്രൈം കേസ്സുകളിൽ പിടികിട്ടാനുള്ള പ്രതികളെ പിടികൂടുന്നതിനായി പ്രത്യേക ടീം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് വെള്ളാറിലെ ഒളിസങ്കേതത്തിൽ നിന്നും പ്രതികളെ പിടികൂടിയത്. തിരുവല്ലം എസ്.എച്ച്.ഒ സുരേഷ്.വി.നായർ, എസ്.ഐ-മാരായ ബിപിൻ പ്രകാശ്, വൈശാഖ്, എ.എസ്.ഐ രതീന്ദ്രൻ, സി.പി.ഒ-മാരായ രാജീവ്, അഖിലേഷ്, അജിത്ത്, പ്രകാശ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. നെയ്യാറ്റിൻകര കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന
## വിലക്ക് ലംഘനം: 431 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം :- സമ്പൂർണ്ണ ലോക്ക്ഡൗൺ ദിനമായ ഇന്നലെ (11-07-2021) നാലു മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 431 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 78

പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 173 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 16 പേരിൽ നിന്നുമായി 94,500/- രൂപ പിഴ ഈടാക്കി. കൂടാതെ 118 ഇരുചക്രവാഹനങ്ങളും 6 ഓട്ടോറിക്ഷയും 40 കാറും ഉൾപ്പെടെ അനാവശ്യ യാത്ര നടത്തിയ 164 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 782 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
11-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി